## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3085 — 15/02/2013-ൽ മറുപടിയ്ക്ക്

### ദേശീയപാത 47-ലെ സ്ഥലമെടുപ്പ് സംബന്ധിച്ച സർവ്വേ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | ദേശീയപാത 47-ൽ കൊല്ലം ജില്ലാ അതിർത്തിയിൽപ്പെട്ട പ്രദേശത്തുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച സർവ്വേ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; | (എ) കൊല്ലം ജില്ലയിൽ ദേശീയപാത 47-ന്റെ സ്ഥലമെടുപ്പിനായുള്ള 3(എ) പ്രാഥമിക വിജ്ഞാപനം 27-03-2012-ൽ കേന്ദ്ര ഗസറ്റിൽ പ്രസിദ്ധീകരിച്ചുവെങ്കിലും, സർവ്വെ കല്ലുകൾ സ്ഥാപിക്കുന്ന നടപടി നിർത്തിവച്ചിരിക്കുകയായിരുന്നു. എന്നാൽ 23-01-2013-ന് സർവ്വെ കല്ലുകൾ സ്ഥാപിക്കുന്ന നടപടി പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്ന് 3(ഡി) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കി വരികയാണ്. |
| (ബി) | സർവ്വേ പൂർത്തീകരിച്ച സ്ഥലത്തിന്റെ കൈമാറ്റം സംബന്ധിച്ച നടപടികൾ എന്തായെന്ന് വിശദമാക്കുമോ ; | (ബി) 3(ഡി) വിജ്ഞാപനം പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമേ സ്ഥലം നാഷണൽ ഹൈവേ അതോറിറ്റിക്ക് കൈമാറാൻ കഴിയുകയുള്ളൂ. |
| (സി) | ദേശീയപാതയ്ക്ക് വേണ്ടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; | (സി) 1956-ലെ ദേശീയപാത നിയമ പ്രകാരമാണ് ദേശീയപാതയ്ക്ക് വേണ്ടി കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ വില നിശ്ചയിക്കുന്നത്. കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള റീഹാബിലിറ്റേഷൻ പാക്കേജ് ദേശീയപാതയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പിനും ബാധകമാക്കിയിട്ടുണ്ട്. |
| (ഡി) | ദേശീയപാതയുടെ വികസനത്തിനു വേണ്ടി ഭൂമി വിട്ടു കൊടുക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിനു വേണ്ടി പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ? | (ഡി) കേരള സർക്കാരിന്റെ 15-11-2011-ലെ ജി.ഒ.(എം.എസ്) നം.419/2011/റവ ഉത്തരവ് പ്രകാരം അംഗീകരിച്ചിട്ടുള്ള പുനരധിവാസ പാക്കേജ് ദേശീയപാതയ്ക്ക് വേണ്ടി ഭൂമി വിട്ടുകൊടുക്കുന്നവർക്ക് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.